# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടാഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P9/1827/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 16/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P9/1827/2023 തീയ്യതി: 16/11/2023

## കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-11-2022 മുതൽ 17-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 10-11-2022 മുതൽ 30-09-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽകുമാർ. എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജികുമാർ ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി സിജാറാണി എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽകുമാർ യു.എസ്, സീനി. ഗ്രേഡ് ഓഡിറ്റർ
ശ്രീമതി റജിന എ. എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.അശോകൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.അരുൺ അലക്സാണ്ടർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രേഖ.കെ.ആർ | അസ്സി.സെക്രട്ടറി | 01-04-2022 | 23-04-2022 |
| ശ്രീമതി. വനജ | അസ്സി.സെക്രട്ടറി | 24-04-2022 | 31-03-2023 |
| ശ്രീമതി സരിത ജെ | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.സുനിൽ വർഗ്ഗീസ് | കൃഷിഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ജെറിൻ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.ഉണ്ണികൃഷ്ണൻ ജി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ഡോ.ടോം വി.തോമസ്സ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)) | 01-04-2022 | 31-03-2023 |
| ഡോ സുജ കെ ജോൺ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീ.ബാബു സാമുവൽ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി മഞ്ജുകുമാരി സി. | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി സ്മിത എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 28-08-2022 |
| ശ്രീമതി സ്മിത എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 29-08-2022 | 31-03-2023 |
| ശ്രീമതി ശ്രീലത റ്റി. | അക്രഡിറ്റഡ് എഞ്ചിനീയർ (എം.ജി.എൻ.ആർ.ഇ.ജി.എസ്) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-01 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-02 |
| 4 | ചെലവ് വിവരങ്ങൾ വ്യക്തമല്ല | 1-1-03 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 7 | ഗ്രാന്റ് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികൾ | 1-7 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 14 | വാടക ഈടാക്കിയിട്ടില്ല | 1-11 |
| 15 | വസ്തു നികുതി പൂർണ്ണമായും നിർണ്ണയിച്ചിട്ടില്ല | 1-12 |
| 16 | ലൈസൻസ് അനുവദിക്കുന്നതിലെ അപാകത | 1-13 |
| 17 | തനതുവരുമാന വർദ്ധനവ് - സേവന ഉപനികുതി ഈടാക്കാവുന്നതാണ് | 1-14 |
| 18 | പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങ**ൽ** - മരുന്ന് പൂ**ർ**ണ്ണമായും ലഭിച്ചില്ല | 1-15 |
| 19 | ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനം പാലിയേറ്റീവ് പരിചരണത്തിനായി ഉപയോഗിച്ചു. | 1-16 |
| 20 | ഭവന പുനരുദ്ധാരണം പൂ**ർ**ത്തിയാക്കിയില്ല | 1-17 |
| 21 | മുൻകൂർ നൽകിയ തുക തിരികെ ലഭിക്കാൻ അവശേഷിക്കുന്നു | 1-18 |
| 22 | ഉപകരണങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-19 |
| 23 | Compensation For Delay/Liquidated Charges ഈടാക്കിയിട്ടില്ല | 1-20 |
| 24 | മരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതക**ൾ** | 1-21 |
| 25 | ഇ ടെണ്ട**ർ** ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ട**ർ**ഫീസ് ഗ്രാമ | 1-22 |

| | | |
|---|---|---|
| | പഞ്ചായത്തിലേയ്ക്ക് അടവാക്കണം. | |
| 26 | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ, വേതനം , വാഹനവാടക ഇനങ്ങളിൽ അധികം തുക നല്കി | 1-23 |
| 27 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-24 |
| 28 | ജി.എസ്.ടി - ടി.ഡി.എസ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ചു. | 1-25 |
| 29 | അർഹമായ ആനുകൂല്യ വിതരണം നടത്തിയില്ല | 1-26 |
| 30 | വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-27 |
| 31 | ഹരിതകർമ്മസേന-അവലോകനം | 1-28 |
| 32 | വസ്തുനികുതി പരിഷ്കരണം - 2023-24 | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ, വേതനം, വാഹനവാടക ഇനങ്ങളിൽ അധികം തുക നല്കി | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തികവർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 30-06-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 30-06-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പു വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും ഉപയോഗിച്ചിരിക്കുന്ന അക്കൌണ്ടിംഗ് തത്വങ്ങളുടേയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടേയും വിലയിരുത്തലും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം
അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യപത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-01 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

### 1-1-02 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും

നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ “Net Increase/decrease In Cash And Cash Equivalents” 38,36,264/- രൂപയും Net Cash Generated By Operating + Investing + Financing Activity – 26,83,196/- രൂപയും ആണ്. മേൽ തുകകൾ തുല്യമല്ലാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്താനാവുന്നില്ല.

### 1-1-03 ചെലവ് വിവരങ്ങൾ വ്യക്തമല്ല

സി.എഫ്.സി -ബേസിക് ഗ്രാന്റിനത്തിൽ ട്രഷറിയിൽ നേരിട്ട് വന്ന 11,59,709/- രൂപയും തൻവർഷം ബാങ്കിൽ വന്ന (പലിശ കൂടാതെ) 21,82,000/- രൂപയും ഉൾപ്പെടെ എ.സി.ആർ പ്രകാരമുള്ള ആകെ വരവ് 33,41,709/- ആണ്. ഈ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും ലഭിച്ച കണക്കുകൾ പ്രകാരം ട്രഷറിയിൽ നിന്നും നേരിട്ട് ചെലവഴിച്ച തുക 10,63,712/- രൂപയാണ്. ബാക്കി 95,997/- രൂപ ഏതിനത്തിൽ ചെലവഴിച്ചുവെന്ന് വ്യക്തമല്ല.

## 1-2 ബജറ്റ്

22-03-2022 ലെ 1/1 നം. തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,13,25,180/- രൂപ |
| വരവ് | 3,18,56,785/- രൂപ |
| ആകെ | 4,31,81,965/- രൂപ |
| ചെലവ് | 2,80,20,521/- രൂപ |
| നീക്കിയിരിപ്പ് | 1,51,61,444/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 43,558/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,16,889/- രൂപ |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൌണ്ടിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12513294/- | 12513294/- | 11613153/- | 900141/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7409706/- | 7409706/- | 6607349/- | 802357/- |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 16140000/- | 16140000/- | 4966125/- | 11173875/- |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 4570000/- | 4570000/- | 3423683/- | 1146317/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് – TREASURY | 0 | 1580065/- | 1580065/- | 415988/- | 1164077/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക് – TREASURY | 0 | 1159709/- | 1159709/- | 1063712/- | 95997/- |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് – ബാങ്ക് | 3160000/- | 3273000/- | 6433000/- | 2677282/- | 3755718/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക് – ബാങ്ക് | 1444688/- | 2348254/- | 3792942/- | 2277997/- | 1514945/- |
| എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 564 | 1531933/- | 1532497/- | 613296/- | 919201/- |
| എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളുടെ കൂലി | 0 | 44162239/- | 44162239/- | 44162239/- | 0 |
| ഐ.സി.ഡി.എസ് | 234167/- | 1049588/- | 1283755/- | 701186/- | 582569/- |
| റ്റി.എസ്.സി. | 377279/- | 519697/- | 896976/- | 675697/- | 221279/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 0 | 3600000/- | 3600000/- | 803177/- | 2796823/- |
| ഹെൽത്ത് ഗ്രാന്റ് | 0 | 297265/- | 297265/- | 36000/- | 261265/- |
| മൃഗാശുപത്രി ആസ്തി | 29569/- | 0 | 29569/- | 0 | 29569/- |

## 1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചതും, നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 8,70,98,160/- | 124 | 4,01,52,500/- | 21 | 53 | 62% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ MNREGA A/c | 564/- | 15,31,933/- | 15,32,497/- | 6,13,296/- | 9,19,201/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 4,41,62,239/- | 4,41,62,239/- | 4,41,62,239/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 33,67,600/- |
| വിധവാപെൻഷൻ | 85,17,400/- |
| വാർദ്ധക്യകാലപെൻഷൻ | 1,68,25,000/- |
| ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് പെൻഷൻ | 23,59,800/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 4,71,800/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 2,40,000/- |

| | |
|---|---|
| തൊഴിലില്ലായ്മ വേതനം | 14,400/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2023 ൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,765/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ILGMS മുഖേന വരവുകൾ സ്വീകരിച്ചുവരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുണ്ട് .
പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യത പരിശോധിക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയം പാലിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണ/മേൽനോട്ട സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഭരണ നിർവഹണാധികാരികൾ ശ്രദ്ധിക്കേണ്ടതുണ്ട്.
ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം എന്നീ പ്രവൃത്തികൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.
ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് അവശ്യ മരുന്നുകളുടെ ലഭ്യത സമയബന്ധിതമായി ഉറപ്പാക്കുന്നതിന് കൂടുതൽ ശ്രദ്ധ അനിവാര്യമാണ്. പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.
അപാകതകളിലേക്ക് പഞ്ചായത്തുഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.22 | 9/22 മുതൽ 11/22 വരെ | 22.11.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.01.2019 | 2013-14 മുതൽ 2017-18 വരെ | 07.06.2019 |

## 1-11 വാടക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കടമുറികളുടെ വാടക ഒടുക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കടമുറിയുടെ നമ്പർ | വാടകക്കാരന്റെ പേര് | മാസവാടക | കുടിശ്ശിക |
|---|---|---|---|---|
| 1 | NSC21 | ശ്രീ. സതീഷ് ഉണ്ണിത്താൻ, സതീഷ് ഭവനം | 3,161 + GST | 37,932/- (3,161x12)+GST |
| 2 | SPSC11 | ശ്രീ. ശശി കെ. ആർ, കാഞ്ഞിരംവിള മേലതിൽ | 2,483 + GST | 29,796/- (2,483x12)+GST |
| ആകെ | | | | 67,728+GST |

മേൽ കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വാടക കുടിശ്ശിക ഈടാക്കുന്നതിന് RR നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. RR നടപടിയിലൂടെ തുക ഈടാക്കി പരോഗതി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 5 /27.10.23

1-12 വസ്തു നികുതി പൂർണ്ണമായും നിർണ്ണയിച്ചിട്ടില്ല

ശ്രീമതി പ്രസന്നകുമാരി, നെച്ചൂർ തെക്കേക്കര, പന്തപ്ലാവ് എന്ന വ്യക്തിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് 9/1104 (വാണിജ്യാവശ്യം 46.8 M2 GF+90.72m2FF), 9/1105 (73.36m2 GF- പാർപ്പിടാവശ്യം), 9/1106 (109.52m2 GF- പാർപ്പിടാവശ്യം) എന്നീ നമ്പറുകൾ അനുവദിച്ച നൽകി. അസിസ്റ്റൻറ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയ കംപ്ലീഷൻ പ്ലാൻ, സഞ്ചയ എന്നിവ പ്രകാരം ആകെ 320.4 ചതുരശ്ര മീറ്ററിന് നികുതി നിർണ്ണയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഒന്നാം നിലയുടെ 90.72 ചതുരശ്ര മീറ്ററിനാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ പ്രാഥമിക പരിശോധനയിൽ മേൽ കെട്ടിടത്തിന്റെ ഒന്നാം നില പൂർണ്ണമായും കെട്ടിയടച്ച നിലയിലാണ്. മേൽ കെട്ടിടത്തിന്റെ നികുതി നിർണയത്തിൽ ഉണ്ടായ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കെട്ടിട നമ്പർ ലഭിച്ചതിന് ശേഷം അനുമതി ഇല്ലാതെ ഒന്നാംനില കെട്ടിഅടച്ച് അധിക നിർമ്മാണം നടത്തിയിട്ടുള്ളതെന്നും LSGD വിഭാഗംസ്ഥലപരിശോധന നടത്തി റിപ്പോർട്ട് വാങ്ങി നികുതി പുനർ നിർണ്ണയിക്കുമെന്നും മറുപടി ലഭ്യമാക്കി. LSGD വിഭാഗത്തിന്റെ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്. കൂടാതെ കെട്ടിട നമ്പർ ലഭിച്ചതിന് ശേഷം അനുമതി ഇല്ലാതെ വാണിജ്യ കെട്ടിടങ്ങളിൽ അനധികൃത നിർമ്മാണം നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 10/28.10.2023

1-13 ലൈസൻസ് അനുവദിക്കുന്നതിലെ അപാകത

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 231 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. എന്നാൽ ഹരിതകർമ്മസേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് IRTC സമർപ്പിച്ച റിപ്പോർട്ടിൽ ആകെ 272 സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി)നം.80/2017, എസ്.ആർ.ഒ. നം. 674/2017 വിജ്ഞാപനം) പ്രകാരം ലൈസൻസ് നൽകുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/28.10.2023

1-14 തനതുവരുമാന വർദ്ധനവ് - സേവന ഉപനികുതി ഈടാക്കാവുന്നതാണ്

എല്ലാ കെട്ടിട ഉടമകളും പഞ്ചായത്ത് നൽകുന്ന എല്ലാ സേവനങ്ങളും ഉപയോഗിക്കുന്നുണ്ടെങ്കിലും നിലവിൽ ഗ്രാമപ്പഞ്ചായത്തിൽ സേവന ഉപനികുതി പിരിക്കുന്നില്ല . 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി സ്ഥിതിചെയ്യുന്ന ഏതൊരു കെട്ടിടത്തിന്റെയും പ്രസ്തുത കെട്ടിടം

സ്ഥിതി ചെയ്യുന്ന ഭൂമിയിലോ, സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക് പരിപാലനം, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് ചട്ടം 27പ്രകാരമുള്ള നിരക്കിൽ കുറയാതെ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ സേവനങ്ങൾക്കായി ഗ്രാമപ്പഞ്ചായത്തിൽ നിന്നും തുക ചെലവഴിക്കുന്നതിനാൽ കെ.പി.ആർ. ആക്ട് 207(1) പ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങൾ ഒഴികെ എല്ലാ കെട്ടിടങ്ങിളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിലൂടെ വരുമാന വർദ്ധനവുണ്ടാക്കുന്നതിന്റെ സാധ്യത ഗ്രാമപ്പഞ്ചായത്ത് പരിശോധിക്കുന്നില്ല. കൂടാതെ വരുമാന വർദ്ധനവിലുപരിയായി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിന് സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നതാണ്. ആയതിനാൽ സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ സ്വീകരിക്കാവുന്നതാണ്.

1-15 പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്കും, പാലിയേറ്റീവ് പരിചരണത്തിനും ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ചുവടെ ചേർക്കും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ, പേര് | ചെലവഴിച്ച തുക (രൂപ) | പ്രഫോർമ്മ ഇൻവോയിസ് | ബിൽ നമ്പർ |
|---|---|---|---|---|
| 1 | 20/23, പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ | 4,00,000/- | PRF-133/23.05.2022 | 04/18.06.2022 |
| 2 | 22/23, പാലിയേറ്റീവ് കെയർ | 3,00,000/- | PRF-3205/27.12.22 | 11/28.01.23<br>12/28.01.23 |

മേൽ പട്ടികയിലെ ക്രമനമ്പർ 1 പ്രകാരമുള്ള പദ്ധതിയിൽ 55,990/- രൂപയുടെയും ക്രമ നമ്പർ 2 പ്രകാരമുള്ള പദ്ധതിയിൽ 1,19,560/- രൂപയുടെയും മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 1,75,550/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 03/26.10.2023
തടസ്സപ്പെടുത്തുന്ന തുക - 1,75,550/- രൂപ

1-16 ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനം പാലിയേറ്റീവ് പരിചരണത്തിനായി ഉപയോഗിച്ചു.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായ ഗൃഹകേന്ദ്രീകൃത പരിചരണത്തിനായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനം ഉപയോഗിച്ചു. ഫിറ്റ്നസ്സ് ഇല്ലാത്ത KL 02 E 2728 (ജീപ്പ്) എന്ന വാഹനമാണ് ഗൃഹകേന്ദ്രീകൃത പരിചരണത്തിനായി ഉപയോഗിച്ചത്. പ്രസ്തുത വാഹനത്തിന്റെ ഫിറ്റ്നെസ് കാലാവധി 22.10.2021 ൽ അവസാനിച്ചതായാണ് കേന്ദ്രസർക്കാരിന്റെ വാഹന പോർട്ടലായ Mparivahan ൽ രേഖപ്പെടുത്തിയിട്ടുള്ളത്. വാഹനത്തിന്റെ ഫിറ്റ്നെസ് കാലാവധി പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (06/27.10.2023) മറുപടി ലഭ്യമാക്കിയില്ല. വാഹനത്തിന് നിയമാനുസൃതമായ എല്ലാ രേഖകളും ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് ഗുരുതര വീഴ്ചയാണ് സംഭവിച്ചത്. അപാതക സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ ഇത്തരം അപാകതൾ

ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-17 ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ പറയുന്ന പദ്ധതികളിൽ ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ബിൽനമ്പർ |
|---|---|---|---|
| വീട് മെയിന്റനൻസ് (എസ്.സി.) 105 | ശ്രീമതി ചെല്ലമ്മ | 50,000/- രൂപ | 134/20.12.2022<br>230/03.03.2023 |

ഭവനപുനരുദ്ധാരണം (ജനറൽ)

| പ്രോജക്ടിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ബിൽനമ്പർ |
|---|---|---|---|
| വീട് മെയിന്റനൻസ് ജനറൽ (19) | ശ്രീമതി വൈ. ഫിലോമിന | 25,000/- രൂപ | 139/26.12.2022 |
| | ശ്രീമതി ലീല പി. | 25,000/- രൂപ | 160/05.02.2023 |

മേൽ പട്ടികയിൽ പറയുന്നവർ ഭവന പുനരുദ്ധാരണം പൂർത്തിയാക്കി തുടർഗഡു കൈപ്പറ്റിയിട്ടില്ലെന്നും, നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. മേൽപറഞ്ഞ ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 12/28.10.2023

1-18 മുൻകൂർ നൽകിയ തുക തിരികെ ലഭിക്കാൻ അവശേഷിക്കുന്നു

31-03-2023 ലെ ബാലൻസ്ഷീറ്റ് പത്രിക B-18 ഷെഡ്യൂൾ (ലോണുകൾ, അഡ്വാൻസുകൾ, നിക്ഷേപങ്ങൾ) ഹെഡ് കോഡ് 460100103, 460100199 എന്നിവ പ്രകാരം ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന 3,34,152/- രൂപ, 78,000/- രൂപ എന്നിവ യഥാക്രമം സാക്ഷരതാ പ്രേരകന്മാരുടെ ഹോണറേറിയമിനത്തിൽ തനത് ഫണ്ടിൽ നിന്നും 2011-12 മുതൽ 2021-22 വരെ ചെലവഴിച്ചതും കുടുംബശ്രീ അക്കൗണ്ടിൽ തുക ഇല്ലാത്തതിനാൽ ആശ്രയ പദ്ധതിയ്ക്കായി ചെലവഴിച്ചതും ആണ്. മേൽ സൂചിപ്പിച്ച തുകകൾ നാളിതു വരെ തിരികെ ലഭിച്ചിട്ടില്ല. തുകകൾ തിരികെ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ നൽകിയ തുകകൾ ഈടാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 15/31.10.2023

1-19 ഉപകരണങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ പറയുന്ന പദ്ധതികൾ പ്രകാരം എസ്.സി വിദ്യാർത്ഥികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകിയതിന്റെ സ്റ്റോക്ക്, വിതരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

പ്രോജക്ട് നം. – 73/23, എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ- (സ്പിൽ ഓവർ) എന്ന പദ്ധതി പ്രകാരം 77 വിദ്യാർത്ഥികൾക്കും പ്രോജക്ട് നം. 162/23- വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി പ്രകാരം 73 വിദ്യാർത്ഥികൾക്കും മേശയും കസേരയും സിഡ്കോയുടെ മാവേലിക്കര യൂണിറ്റിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ വാങ്ങിയിരിക്കുകയാണ്. മേൽ പദ്ധതികൾക്കായി വികസനഫണ്ട് - യഥാക്രമം 3,65,750/- രൂപയും (ബിൽ നം. 5/22-23/22-03-23: 2,65,464/-, ബിൽ നം. 6/22-23/29-03-23: 1,00,286/-), 3,46,749/- രൂപയും (ബിൽ നം. 7/22-23/29-03-23) ചെലവഴിച്ചു. ഇപ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും വിവരങ്ങൾ, ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും

സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, ഗുണഭോക്തൃപട്ടിക ഗ്രാമസഭ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ രേഖാ മൂലം നിർവ്വഹണ ഉദ്യോഗസ്ഥയോട് ആവശ്യപ്പെട്ടപ്പോൾ വിവിധ സ്കൂളുകളിൽ നിന്നും പ്രഥമാധ്യാപകർ ലഭ്യമാക്കിയ പട്ടാഴി ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരായ കുട്ടികളുടെ വിവരം മാത്രമാണ് ലഭ്യമാക്കിയത്. മേൽപ്പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ മേൽപ്പറഞ്ഞ രണ്ട് പദ്ധതികൾക്കായി വികസനഫണ്ടിൽ നിന്നും നടത്തിയ 7,12,499/- (365750 + 346749) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 1/26-10-23
ഓഡിറ്റ് തടസ്സം - 7,12,499/- രൂപ

## 1-20 Compensation For Delay/Liquidated Charges ഈടാക്കിയിട്ടില്ല

കരാറുകാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത പ്രവൃത്തികളിൽ. Kerala Public Work Manual 2012 (G.O.(P) No 13/2012/PWD, Dt 01-02-2012) സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges (പി.എ.സി. തുകയുടെ 0.1% തുക വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽതുക അന്തിമ ബില്ലിൽനിന്നും ഈടാക്കി മാത്രമേ കരാറുകാരന് തുക നല്കുവാൻ അനുവാദമുള്ളൂ. താഴെകൊടുത്തിട്ടുള്ള പ്രവൃത്തികളുടെ ഫയൽപരിശോധിച്ചതിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദീർഘിപ്പിച്ച നല്കിയതായി കാണുന്നില്ല. അവസാന ബിൽനല്കിയപ്പോൾ ചട്ട പ്രകാരമുള്ള പിഴ ഈടാക്കിയിട്ടുമില്ല.

(1)

| | |
|---|---|
| പ്രോജക്ട് | തൊണ്ണൂറ്റിയൊന്നാം നമ്പർ അംഗനവാടി കെട്ടിട നിർമ്മാണം (51/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | ₹ 14,62,160/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരന് | ശ്രീ. ജി. മനു |
| കരാർ | 02/AE/LSGD/PZHY/2022-23/,04-04-2022 |
| അന്തിമ ബിൽ തുക | 290177, ബിൽ നം. 196 തീ 02-02-2023 |
| കരാർ തുക | 10,59,768/- രൂപ |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 05-04-2022 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 29-12-2022 |
| കരാർ പ്രകാരം പൂര്ത്തീകരിക്കേണ്ട തീയതി | 04-10-2022 |
| വൈകിയ കാലയളവ് | 86 ദിവസം |
| ഈടാക്കേണ്ടുന്ന പിഴ | (10,59,768X.1%X86/7) = 13,020/- രൂപ |
| ഈടാക്കിയ പിഴ | |
| ഈടാക്കിയതില്കുറവ് വന്ന തുക | 13,020/- രൂപ |

(2)

| | |
|---|---|
| പ്രോജക്ട് | കോടിയാട്ടുകുഴിപന്തപ്ലാവ് ഇടമുഴി റോഡ് റീ ടാറിംഗ്(54/22) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

| | |
|---|---|
| അടങ്കൽ തുക | ₹ 7,00,000/- (സംരക്ഷണ ഗ്രാന്റ് റോഡ്) |
| കരാറുകാരന് | ശ്രീ. എം. എസ്. സുധീശൻ |
| കരാർ | 53/AE/LSGD/PZHY/2021-22/,22-03-2022 |
| അന്തിമ ബിൽ തുക | 6,96,903/- രൂപ |
| കരാർ തുക | 6,24,407/- രൂപ |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 22-03-2022 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 24-02-2023 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 21-09-2022 |
| വൈകിയ കാലയളവ് | 156 ദിവസം |
| ഈടാക്കേണ്ടുന്ന പിഴ | (6,24,407X.1%X156/7) =13,915/- രൂപ |
| ഈടാക്കിയ പിഴ | 6,222/- രൂപ |
| ഈടാക്കിയതിൽ കുറവ് വന്ന തുക | 7,693/- രൂപ |

(3)

| | |
|---|---|
| പ്രോജക്ട് | പൊതു കുളങ്ങളുടെ അറ്റകുറ്റപ്പണികൾ (53/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | ₹ 10,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരന് | ശ്രീ. കെ. ഉദയൻ |
| കരാർ | 40/AE/LSGD/PZHY/2021-22/,16-02-2022 |
| അന്തിമ ബിൽ തുക | 4,92,169/- രൂപ (ബിൽ നം. 144 തീ. 27-12-2022 |
| കരാർ തുക | 8,91,575/- രൂപ |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 16-02-2022 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 16-11-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 15-08-2022 |
| വൈകിയ കാലയളവ് | 93 ദിവസം |
| ഈടാക്കേണ്ടുന്ന പിഴ | (8,91,575X.1%X93/7) =11,845/- രൂപ |
| ഈടാക്കിയ പിഴ | 4,394/- രൂപ |
| ഈടാക്കിയതിൽ കുറവ് വന്ന തുക | 7,451/- രൂപ |

(4)

| | |
|---|---|
| പ്രോജക്ട് | പന്ത്രണ്ട്മുറി നെടിയവിള റോഡ് പുനരുദ്ധാരണം (222/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | ₹ 5,51,247/- (സംരക്ഷണ ഗ്രാന്റ് റോഡ്) |
| കരാറുകാരന് | ശ്രീ. എസ്. ശശി |
| കരാർ | 50/AE/LSGD/PZHY/2021-22/,17-02-2022 |
| അന്തിമ ബിൽ തുക | 5,43,724/- രൂപ (ബിൽ നം. 20 തീ. 08-11-2022) |
| കരാർ തുക | 4,89,445/- രൂപ |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6 മാസം |

| | |
|---|---|
| പ്രവൃത്തി ആരംഭിച്ച തീയതി | 17-02-2022 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 22-10-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 16-08-2022 |
| വൈകിയ കാലയളവ് | 67 ദിവസം |
| ഈടാക്കേണ്ടുന്ന പിഴ | (4,89,445X.1%X67/7) = 4,685/- രൂപ |
| ഈടാക്കിയ പിഴ | |
| ഈടാക്കിയതിൽ കുറവ് വന്ന തുക | 4,685/- രൂപ |

(5)

| | |
|---|---|
| പ്രോജക്ട് | മുസ്ലീം പള്ളി മുടിപ്പുര റോഡ് റീ ടാറിംഗ് (46/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | ₹ 3,75,000,/- (സംരക്ഷണ ഗ്രാന്റ് റോഡ്) |
| കരാറുകാരന് | ശ്രീ. അജയകുമാർ |
| കരാർ | 52/AE/LSGD/PZHY/2021-22/,16-03-2022 |
| അന്തിമ ബിൽ തുക | 3,69,601/- രൂപ (ബിൽ നം. 38 തീ. 27-03-2023 |
| കരാർ തുക | 3,30,677/- രൂപ |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 16-03-2022 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 21-03-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 15-09-2022 |
| വൈകിയ കാലയളവ് | 187 ദിവസം |
| ഈടാക്കേണ്ടുന്ന പിഴ | (3,30,677X.1%X187/7) =8,834/- രൂപ |
| ഈടാക്കിയ പിഴ | 3,300/- രൂപ |
| ഈടാക്കിയതിൽ കുറവ് വന്ന തുക | 5,534/- രൂപ |

പിഴ ഈടാക്കാത്തതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 07, തീ. 28-10-2023) പ്രതികൂല കാലാവസ്ഥയായതിനാലാണ് സമയത്തിന് പൂർത്തീകരിക്കുവാൻ കഴിയാതിരുന്നത് എന്ന് മറുപടി ലഭ്യമാക്കി. ഇതുമായി ബന്ധപ്പെട്ട് സമയം ദീർഘിപ്പിച്ച് നല്കുന്നതിനുള്ള നിയമാനുസൃത നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. 5 പ്രവൃത്തികളിലായി പിഴ ഇനത്തിൽ ഈടാക്കേണ്ട 38,383/- രൂപ ഉത്തരവാദികളിൽനിന്നും ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. – 07/28-10-2023

നഷ്ടം – 38,383/- രൂപ

## 1-21 മരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ

(1) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

മിക്ക പ്രവൃത്തികളും കരാർപ്രകാരമുള്ള കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നില്ല. പ്രവൃത്തികൾ സ്പിൽ ഓവർ പ്രവൃത്തികളായി മാറുന്നു. തൻവർഷം സ്പിൽഓവർ പ്രവൃത്തികൾ ഉൾപ്പെടെ 3,80,59,350 രൂപയുടെ അടങ്കൽ വരുന്ന പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 1,28,00,273 രൂപ മാത്രമേ ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. (ചെലവ് ശതമാനം – 33.62)

2) ടെണ്ടറുകൾക്ക് മത്സര സ്വഭാവം ഇല്ല.

ഇ ടെണ്ടർ മുഖേനയല്ലാതെ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികൾക്ക് മത്സര സ്വഭാവമില്ല.

നിരവധി പ്രവൃത്തികൾക്ക് തൻവർഷവും മാനവൽ ടെണ്ടർ രീതി അവലംബിച്ചിട്ടുണ്ട്. ഇപ്രകാരം ടെണ്ടർ ചെയ്തിട്ടുള്ള മിക്ക പ്രവൃത്തികളിലും 2 ടെണ്ടറുകൾ മാത്രമേ ലഭിക്കുന്നുള്ളൂ.

3) ഇൻഷ്വറൻസ് പോളിസി എടുക്കുന്നില്ല.

കരാറുകാർ ഇൻഷ്വറൻസ് കവറേജ് എടുക്കാതെ മിക്ക പ്രവൃത്തികളിലും പിഴ ഒടുക്കുകയാണ് ചെയ്തിരിക്കുന്നത്. ഇത് ഇൻഷ്വറൻസ് കവറേജ് എടുക്കേണ്ടതിന്റെ ലക്ഷ്യത്തിന് വിരുദ്ധമാണ്. കരാറുകാരെക്കൊണ്ട് ഇൻഷ്വറൻസ് പോളിസി തന്നെ എടുപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിപ്പിക്കുവാനും, പരമാവധി പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം അവലംബിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മറ്റി, വികസനകാര്യ സ്ഥിരം സമിതി എന്നിവരുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

### 1-22 ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് ഗ്രാമ പഞ്ചായത്തിലേയ്ക്ക് അടവാക്കണം.

ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില നിലവിൽ അസി. എഞ്ചിനീയറുടെ അക്കൌണ്ടിലാണ് ഒടുക്കിവരുന്നത്. ഹാജരാക്കിയ രേഖകൾ പ്രകാരം ടി അക്കൌണ്ടിൽ 12-08-2023 വരെ 90,905 രൂപ നീക്കിയിരുപ്പുണ്ട്. തുക ഗ്രാമ പഞ്ചായത്തിന് കൈമാറേണ്ടതാണ്.

2017-18 മുതൽ 2021-22 വരെ ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള 1,93,834 രൂപ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7, തീ 28-10-2023) തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-23 തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ, വേതനം , വാഹനവാടക ഇനങ്ങളിൽ അധികം തുക നല്കി

| | |
|---|---|
| പ്രോജക്ട് | തെരുവ് വിളക്ക് നവീകരണം (25/23) |
| അടങ്കൽ തുക | 3,18,231/- രൂപ (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിന് വാഹനവാടക ഒരുദിവസത്തേയ്ക്ക് 575 രൂപ പ്രകാരം ശ്രീ. ബാബുകുമാർ എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിച്ചു. ടിയാന് വാഹന വാടക ഇനത്തിൽ താഴെ കൊടുത്തിരിക്കും പ്രകാരം തുക അനുവദിച്ചു (ബിൽ തുക – 2,29,316/-, ചെക്ക് നം. 003087, തീയതി – 28-04-2022)

| ക്രമ നം. | വാർഡ് നം | വാഹനം ഓടിയ തീയതി | ദിവസം | നല്കിയ തുക ₹ |
|---|---|---|---|---|
| 1 | 1 | 06-02-2022 മുതൽ 12-02-2022 വരെ | 7 | 4,025 |
| 2 | 2 | 29-01-2022 മുതൽ 05-02-2022 വരെ | 7 | 4,025 |
| 3 | 3 | 21-01-2022 മുതൽ 28-01-2022 വരെ | 8 | 4,600 |
| 4 | 4 | 14-01-2022 മുതൽ 21-01-2022 വരെ | 8 | 4,600 |
| 5 | 5 | 17-11-2021<br>19-11-2021 മുതൽ 26-11-2021 വരെ | 9 | 5,175 |
| 6 | 6 | 10-11-2021 മുതൽ 18-11-2021 വരെ | 9 | 5,175 |
| 7 | 7 | 26-11-2021<br>06-01-2022മുതൽ 14-01-2022വരെ | 10 | 5,750 |
| 8 | 8 | 29-12-2021 മുതൽ06-01-2022വരെ | 9 | 5,175 |

| | | | | |
|---|---|---|---|---|
| 9 | 9 | 01-11-2021 മുതൽ09-11-2021വരെ | 9 | 5,175 |
| 10 | 10 | 21-12-2021മുതൽ 29-12-2021വരെ | 9 | 5,175 |
| 11 | 11 | 05-11-2021, 09-11-2021<br>28-11-2021 മുതൽ 30-11-2021 വരെ<br>01-11-2021 മുതൽ 03-11-2021 വരെ | 8 | 4,600 |
| 12 | 12 | 12-12-2021 മുതൽ 20-12-2021 വരെ | 9 | 5,175 |
| 13 | 13 | 03-12-2021 മുതൽ 11-12-2021 വരെ | 9 | 5,175 |
| | | ആകെ | 111 | 63,825 |

ഒരു ദിവസം വാഹനം ഓടുന്നതിനാണ് 575 രൂപ അനുവദിക്കുന്നത്. എന്നാൽ താഴെക്കൊടുത്തിരിക്കുന്ന 9 ദിവസങ്ങളിൽ ഒരേ ദിവസം വാഹനം ഓടിയതിന് 2 തവണ വീതം തുക നല്കിയിരുക്കുന്നു.

| ക്രമ നം. | തീയതി | വാർഡ് |
|---|---|---|
| 1 | 21-01-2022 | 3, 4 |
| 2 | 17-11-2021 | 5, 6 |
| 3 | 26-11-21 | 5, 7 |
| 4 | 14-01-2022 | 4, 7 |
| 5 | 05-11-2021, 09-11-2021 | 9, 11 |
| 6 | 03-12-2021 | 11, 13 |
| 7 | 06-01-2022 | 7, 8 |
| 8 | 29-12-2021 | 8, 10 |

ഒരു ദിവസം വാഹനം ഓടിയതിന് 2 തവണ തുക നല്കിയത് അംഗീകരിക്കുന്നില്ല. അധികം നല്കിയ 9 X 575 = 5,175/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഇപ്രകാരം തുക നല്കിയത് സംബന്ധിച്ച് വിശദീകരണം തേടിയും വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ടും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13, തീയതി 30-10-2023) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് അന്വേഷണം നം. 13/0-10-2023
നിരാകരിച്ച തുക - 5,175/- രൂപ

## 1-24 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക ₹ | ബിൽ നം. |
|---|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൽ സ്ഥാപിക്കൽ (27/23)<br>അടങ്കൽ തുക - ₹ 4,00,000/- (വികസന ഫണ്ട്) | അസി. എഞ്ചിനീയർ, കെ എസ് ഇ ബി, പട്ടാഴി | 3,98,840 | 03, തീ 11-05-2022 |
| | | ആകെ | 3,98,840 | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9, തീ 28-10-2023) ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ 3,98,840/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക – 3,98,840/- രൂപ
ഓഡിറ്റ് അന്വേഷണം നം. – 9/28-10-2023

1-25 ജി.എസ്.ടി - ടി.ഡി.എസ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ചു.

2017 ലെ ചരക്ക് സേവന നിയമം സെക്ഷൻ 51(1) പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുമ്പോൾ കരാർ തുക 2.5 ലക്ഷം രൂപയിൽ അധികമായാൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്യേണ്ടതാണ് എന്ന് കേന്ദ്രധനമന്ത്രാലയം 13/09/2018 ലെ വിജ്ഞാപനം നം. 50/2018-central Tax പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

പ്രോജക്ട് നം 74/23, സ്കൂളുകൾക്ക് ഫർണീച്ചർ എന്ന പദ്ധതി പ്രകാരം 3 ലക്ഷം രൂപ മെയിന്റനൻസ് റോഡിതര ഫണ്ടിൽ നിന്നും പിൻവലിച്ച് (ബിൽ നം -1/22-23/19-08-22) ആഞ്ഞിലിത്തടിയിൽ തീർത്ത 65 ബെഞ്ച് 2,310/- രൂപ നിരക്കിലും 56 ഡെസ്ക് 2,699/- രൂപ നിരക്കിലും സോന ഇൻഡസ്ട്രീസ്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, കൊച്ചാലുംമൂട്, മാവേലിക്കര എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി. മേൽ സ്ഥാപനം ഹാജരാക്കിയ ഇൻവോയിസ് നം. 611/03-08-22 പ്രകാരം ഒരോ ഇനത്തിനും 18% ജി.എസ്.ടി കൂടി ഉൾപ്പെടുത്തിയുള്ള നിരക്ക് കണക്കാക്കി ആകെ തുക 3 ലക്ഷം രൂപയിൽ നിജപ്പെടുത്തിയാണ് പേയ്മെന്റ് നൽകിയിരിക്കുന്നത്. ഉപകരണങ്ങളുടെ വില 2,55,463/- രൂപയും ജി.എസ്.ടി 45,983/- രൂപയുമാണ്. മേൽ വ്യവസ്ഥ പ്രകാരം ഉപകരണങ്ങളുടെ വിലയുടെ 2% തുക 5109/- രൂപ ജി.എസ്.ടി - ടി.ഡി.എസ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതായിരുന്നു. നിയമാനുസൃതമായ നികുതി കുറവ് വരുത്തി തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്

ഓഡിറ്റ് എൻക്വയറി നം – 02/2022-23/26-10-23

1-26 അർഹമായ ആനുകൂല്യ വിതരണം നടത്തിയില്ല

ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം നടത്തുന്നതിനായി 22-23 ൽ നടപ്പിലാക്കിയ 99/23 എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി 561802/-രൂപ അടങ്കൽ വകയിരുത്തിയിരുന്നതിൽ തൻവർഷം ചെലവഴിച്ച തുക 3,41,000/- രൂപയാണ്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃപട്ടിക പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ എണ്ണം 18-ും, ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ എണ്ണം 7-ും ആണ്. ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പ്രതിമാസ സ്കോളർഷിപ്പ് 12/22 വരെ പൂർണ്ണമായും 01/23 ലെ ബത്ത ഭാഗികമായും നൽകിയപ്പോൾ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പ്രതിമാസ സ്കോളർഷിപ്പും യാത്രാബത്തയും 1,000/- രൂപ നിരക്കിൽ ആകെ 2,000/- രൂപ വീതം 11/22 വരെ പൂർണ്ണമായും 12/22 ലേത് ഭാഗികമായും മാത്രമാണ് നൽകിയിട്ടുള്ളത്.

സ്കോളർഷിപ്പിന് അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതത് മാസം നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കണമെന്ന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക 7.1.6-ഇ പ്രകാരം നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയിൽ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും വകയിരുത്തിയിരുന്ന 2,19,602/- രൂപ ചെലവഴിക്കപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ ധനകാര്യപത്രിക പ്രകാരം ബേസിക് ഗ്രാന്റിൽ 22-23 ൽ 15,14,945/- രൂപ നീക്കിയിരിപ്പുണ്ടെങ്കിലും ധനകര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിക്കാതിരുന്നതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫണ്ടിന്റെ അപര്യാപ്ത മൂലമാണ് തുക നൽകാൻ കഴിയാതിരുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കി.

സ്കോളർഷിപ്പിന് അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 2/26-10-23

1-27 വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

പ്രോജക്ട് നം – 244/23, കോക്ലിയർ ഇംപ്ലാന്റേഷൻ വാങ്ങുന്നതിന് ധനസഹായം

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഫണ്ട് - വികസനഫണ്ട് (ജനറൽ)

ചെലവ് – 30,000/-, ബിൽ നം. 6/22-23/23-01-23

കോക്ലിയർ ഇംപ്ളാൻറ്റേഷൻ സർജറി നടത്തിയിട്ടുള്ള പാർവ്വതി. എസ്. നായർ, ശ്രീമന്ദിരത്ത് വീട്, മയിലാട്ടുംപാറ എന്ന ഗുണഭോക്താവിന് കോക്ലിയർ ഉപകരണം വാങ്ങുന്നതിനായി 30,000/- രൂപ കേരള സാമൂഹ്യ സുരക്ഷ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ലാത്തിനാൽ ഈ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 16/31-10-23

തടസ്സപ്പെടുത്തിയ തുക – 30,000/- രൂപ

## 1-28 ഹരിതകർമ്മസേന-അവലോകനം

ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുമായി സഹകരിച്ച് മാലിന്യമുക്ത കേരളത്തിനായി കുടുംബശ്രീ മിഷന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംഘമാണ് ഹരിതകർമ്മസേന. ഹരിതകർമ്മ സേനയെ തിരഞ്ഞെടുക്കാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഗ്രാമപഞ്ചായത്തിൽ 2019-20ലെ രണ്ടാം അർദ്ധവർഷം മുതലാണ് ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചത്. 13 വാർഡുകളിലായി ആകെ 20 ഹരിതകർമ്മ സേന അംഗങ്ങളാണ് പ്രവർത്തിക്കുന്നത്. ഹരിതകർമ്മ സേന അംഗങ്ങളെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിന്യസിച്ചാണ് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പുനരുപയോഗത്തിനായി യൂസർഫീ ഈടാക്കി ജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നത്. ഈ ഇനത്തിൽ ലഭിക്കുന്ന തുകയാണ് ഇവരുടെ പ്രധാന വരുമാന മാർഗ്ഗം. പ്രദേശവാസികളുടെ പൂർണ്ണമായ സഹകരണം ലഭിക്കാത്തത് മൂലം പദ്ധതി പ്രവർത്തനം പൂർണ്ണമായും വിജയത്തിലേക്ക് എത്തിക്കാൻ സാധിക്കുന്നില്ല. യൂസർ ഫീ ഇനത്തിൽ 100% നേട്ടം കൈവരിക്കുന്നതിന് ഈ നിസ്സഹരണം വിഘാതമാകുന്നു. നിലവിൽ 50%ത്തിൽ താഴെ മാത്രമാണ് യൂസർഫീ കളക്ഷൻ. വീടുകളിൽ നിന്നുള്ള നിസ്സഹകരണം, മിനി എം.സി.എഫ്, എം.സി.എഫ്. എന്നിവിടങ്ങളിൽ ആവശ്യത്തിന് സൌകര്യമില്ലാത്ത അവസ്ഥ എന്നിവയാണ് നിലവിൽ ഹരിതകർമ്മ സേന അഭിമുഖീകരിക്കുന്ന പ്രധാന പരിമിതികൾ. മാലിന്യസംസ്കരണത്തിന്റെ അനിവാര്യത സംബന്ധിച്ച് പ്രദേശവാസികൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകിയും, എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചും, അശാസ്ത്രീയമായ രീതിയിൽ മാലിന്യസംസ്കരണം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിച്ചും പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 വസ്തുനികുതി പരിഷ്കരണം - 2023-24

സ.ഉ(കൈ)നം.77/2023/തസ്വഭവ തീയതി 22.03.2023ലെ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെ വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ 15/5/2023 ലെ 2 (1) നമ്പർ തീരുമാനപ്രകാരം നിരക്കുകളുടെ കരട് അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 30/06/2023 തീയതിയിലെ ഭരണസമിതി യോഗത്തിന്റെ 7(1) നമ്പർ തീരുമാനപ്രകാരം പുതിയ നിരക്കുകളുടെ അന്തിമ വിജ്ഞാപനം നടത്തി പ്രസിദ്ധീകരിക്കുകയും സഞ്ചയയിൽ രേഖപ്പെടുത്തലുകൾ വരുത്തി നികുതി നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി നം. 8/28.10.2023

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ, വേതനം, വാഹനവാടക ഇനങ്ങളിൽ അധികം തുക നല്കി

| | |
|---|---|
| പ്രോജക്ട് | തെരുവ് വിളക്ക് നവീകരണം (25/23) |
| അടങ്കൽ തുക | 3,18,231/- രൂപ (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിന് വാഹനവാടക ഒരുദിവസത്തേയ്ക്ക് 575 രൂപ പ്രകാരം ശ്രീ. ബാബുകുമാർ എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിച്ചു. ടിയാന് വാഹന വാടക ഇനത്തിൽ താഴെ കൊടുത്തിരിക്കും പ്രകാരം തുക അനുവദിച്ചു (ബിൽ തുക – 2,29,316/-, ചെക്ക് നം. 003087, തീയതി – 28-04-2022)

| ക്രമ നം. | വാർഡ് നം | വാഹനം ഓടിയ തീയതി | ദിവസം | നല്കിയ തുക ₹ |
|---|---|---|---|---|
| 1 | 1 | 06-02-2022 മുതൽ 12-02-2022 വരെ | 7 | 4,025 |
| 2 | 2 | 29-01-2022 മുതൽ 05-02-2022 വരെ | 7 | 4,025 |
| 3 | 3 | 21-01-2022 മുതൽ 28-01-2022 വരെ | 8 | 4,600 |
| 4 | 4 | 14-01-2022 മുതൽ 21-01-2022 വരെ | 8 | 4,600 |
| 5 | 5 | 17-11-2021<br>19-11-2021 മുതൽ 26-11-2021 വരെ | 9 | 5,175 |
| 6 | 6 | 10-11-2021 മുതൽ 18-11-2021 വരെ | 9 | 5,175 |
| 7 | 7 | 26-11-2021<br>06-01-2022മുതൽ 14-01-2022വരെ | 10 | 5,750 |
| 8 | 8 | 29-12-2021 മുതൽ06-01-2022വരെ | 9 | 5,175 |

| | | | | |
|---|---|---|---|---|
| 9 | 9 | 01-11-2021 മുതൽ09-11-2021വരെ | 9 | 5,175 |
| 10 | 10 | 21-12-2021മുതൽ 29-12-2021വരെ | 9 | 5,175 |
| 11 | 11 | 05-11-2021, 09-11-2021<br>28-11-2021 മുതൽ 30-11-2021 വരെ<br>01-11-2021 മുതൽ 03-11-2021 വരെ | 8 | 4,600 |
| 12 | 12 | 12-12-2021 മുതൽ 20-12-2021 വരെ | 9 | 5,175 |
| 13 | 13 | 03-12-2021 മുതൽ 11-12-2021 വരെ | 9 | 5,175 |
| | | ആകെ | 111 | 63,825 |

ഒരു ദിവസം വാഹനം ഓടുന്നതിനാണ് 575 രൂപ അനുവദിക്കുന്നത്. എന്നാൽ താഴെക്കൊടുത്തിരിക്കുന്ന 9 ദിവസങ്ങളിൽ ഒരേ ദിവസം വാഹനം ഓടിയതിന് 2 തവണ വീതം തുക നല്കിയിരുക്കുന്നു.

| ക്രമ നം. | തീയതി | വാർഡ് |
|---|---|---|
| 1 | 21-01-2022 | 3, 4 |
| 2 | 17-11-2021 | 5, 6 |
| 3 | 26-11-21 | 5, 7 |
| 4 | 14-01-2022 | 4, 7 |
| 5 | 05-11-2021, 09-11-2021 | 9, 11 |
| 6 | 03-12-2021 | 11, 13 |
| 7 | 06-01-2022 | 7, 8 |
| 8 | 29-12-2021 | 8, 10 |

ഒരു ദിവസം വാഹനം ഓടിയതിന് 2 തവണ തുക നല്കിയത് അംഗീകരിക്കുന്നില്ല. അധികം നല്കിയ 9 X 575 = 5,175/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഇപ്രകാരം തുക നല്കിയത് സംബന്ധിച്ച് വിശദീകരണം തേടിയും വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ടും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13, തീയതി 30-10-2023) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് അന്വേഷണം നം. 13/0-10-2023
നിരാകരിച്ച തുക - 5,175/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 26.10.2023 മുതൽ 27.10.2023 വരെ | കെ.എസ്.എ.കെ.എൽ.എം.പി.9/1827/23 തീയതി – 16.11.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,00,000/- | പാലിയേറ്റീവ് കെയർ | 2,00,000/- | 0 |
| | | 1,78,800/- | ഭിന്ന ശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് | 1,78,800/- | 0 |

| | | | | | |
|---|---|---|---|---|---|
| | | 6,00,000/- | ലൈഫ് (SCP) -79/23 | 6,00,000/- | 0 |
| | | 4,00,000/- | ലൈഫ് ജനറൽ 78/2023 | 4,00,000/- | 0 |
| | | 34,900/- | ലൈഫ് ജനറൽ 250/2023 | 34,900/- | 0 |
| | | 6,00,000/- | ലൈഫ് ജനറൽ -79/2023 | 6,00,000/- | 0 |
| | | 8,97,000/- | ലൈഫ് (SCP) 251/23 | 8,97,000/- | |
| | | 5,00,000/- | പാലിന് സബ്സിഡി (ജനറൽ) പ്രോജക്ട് നമ്പർ -152/23 | 5,00,000/- | 0 |
| | | | | | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,10,664/- | അനുപൂരക പോഷകാഹാര പരിപാടി പ്രോജക്ട് നമ്പർ - 02/23 SCP | 2,10,664/- | 0 |
| | | 86,814/- | അനുപൂരക പോഷകാഹാര പരിപാടി പ്രോജക്ട് നമ്പർ - 01/23 (ജനറൽ) | 86,814/- | 0 |
| | | 40,200/- | ഭിന്ന ശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ - 99/2023 | 40,200/- | 0 |
| | | 1,00,000/- | അനുപൂരക പോഷകാഹാര പരിപാടി പ്രോജക്ട് നമ്പർ - S077/23 (ജനറൽ) | 1,00,000/- | 0 |
| | | 72,000/- | ലൈഫ് ജനറൽ -250/2023 | 72,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 7,92,000/- | ലൈഫ് (SCP) 251/23 | 7,92,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,85,903/- | പാലിന് സബ്സിഡി (ജനറൽ) പ്രോജക്ട് നമ്പർ -152/23 | 2,85,903/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 5,739/- | പാലിന് സബ്സിഡി (ജനറൽ) പ്രോജക്ട് നമ്പർ -154/23 | 5,739/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| വഞ്ചിനാട് ഏജൻസീസ് | ബയോഗ്യാസ് പ്ലാന്റ് (210/23) | XVCFC/22-23 P/28 | 2,35,000/- | - | 2,35000/- |
| KSEB | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 03/11.05.2022 | 3,98,840/- | - | 3,98,840/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് KURDF വായ്പയിനത്തിൽ 24,20,000/- രൂപ വരവുണ്ട്. മുൻബാക്കി 0/- രൂപയടക്കം 24,20,000/- രൂപ വിനിയോഗിച്ചിട്ടില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | GO (MS)No68/LSGD 18.05.18 | 24,20,000/- | 50,72,006/- | 9,78,694/- | | 65,13,312/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5,175/- രൂപ | ശ്രീ. അരുൺ അലക്സാണ്ടർ, സെക്രട്ടറി |
| 1-20 | | 38,383/- രൂപ | ശ്രീമതി സരിത ജെ, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1,75,550 | ഡോ. ടോം. വി. തോമസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-19 | 7,12,499 | ശ്രീമതി മഞ്ജുകുമാരി ബി. സി, ഹെഡ്മിസ്ട്രസ്സ് ഗവ. എൽ.പി.എസ്. പട്ടാഴി |
| 1-24 | 3,98,840 | ശ്രീ. അരുണ് അലക്സാണ്ടർ, സെക്രട്ടറി |
| 1-27 | 30,000 | ശ്രീമതി സ്മിത. എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ, |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സ്മിത. എസ്,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ, | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ,<br>കുളക്കട ഗ്രാമപഞ്ചായത്ത് | ജയലക്ഷ്മി ഹോം, എഴുകോണ്<br>പി.ഒ,<br>കൊല്ലം<br>മൊബൈൽ- 7902757321 |
| ഡോ. ടോം. വി. തോമസ്,<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി), പട്ടാഴി | മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി), പത്തനാപുരം | ടോം നിവാസ്, ചെങ്ങമനാട്.<br>പി. ഒ,<br>മൊബൈൽ- 9567145500 |
| ശ്രീ. അരുൺ അലക്സാണ്ടർ,<br>സെക്രട്ടറി | സെക്രട്ടറി<br>പട്ടാഴി ഗ്രാമപഞ്ചായത്ത് | നിലാംവിളയിൽ,<br>കിഴക്കെ തെരുവ്,<br>കൊട്ടാരക്കര<br>മൊബൈൽ- 9496041749 |
| ശ്രീ. ഉണ്ണികൃഷ്ണൻ,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ<br>ഓഫീസർ<br>കുളക്കട ഗ്രാമപഞ്ചായത്ത് | ചെറുവള്ളിൽ വീട്,<br>തേവലപ്പുറം, പുത്തൂർ<br>മൊബൈൽ- 9744491349 |
| ശ്രീമതി മഞ്ജുകുമാരി ബി. സി,<br>ഹെഡ്മിസ്ട്രസ്സ് ഗവ.<br>എൽ.പി.എസ്.പട്ടാഴി | ഹെഡ്മിസ്ട്രസ്സ് ഗവ.<br>ഡബ്ല്യ.എൽ.പി.എസ്<br>പനവേലി | നീലാഞ്ജനം, ഗോവിന്ദമംഗലം<br>റോഡ്,<br>കൊട്ടാരക്കര.<br>മൊബൈൽ- 9747015545 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-1998 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 1 |
| 1998-1999 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 2 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 4 |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 4 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 2 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 6 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം-പി.9/398/18/23.2.18 | 10 |

| | | |
|---|---|---|
| 2006-2007 | കെ.എസ്.എ.കെ.എൽ.എം-പി.9/750(1)/19/31.05.2019 | 18 |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം-പി.9/750(2)/19/31.05.2019 | 15 |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം-പി.9/750(3)/19/31.05.2019 | 8 |
| 2009-2010 & 2010-2011 | കെ.എസ്.എ.കെ.എൽ.എംപി.9/750(4)/19/31.05.2019 | 13 |
| 2011-2012 | കെ.എസ്.എ.കെ.എൽ.എം.പി-9/അദാലത്ത്-2011-2012 /1562/22(1)/19.08.22 | 6 |
| 2012-2013 & 2013-14 | എൽ.എഫ്.ക്യ-പി-9/അദാലത്ത്/2012-2013 &2013-14/1562/22(2) / 19.08.22 | 9 |
| 2014-15 | കെ.എസ്.എ-കെ.എൽ.എം-പി-9/അദാലത്ത്/14-15 /1562/22(3) / 19.08.22 | 3 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി-9/അദാലത്ത്/15-16 /1562/22(4) / 19.08.22 | 5 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി9/1730/2017 / 30.10.2017 | 10 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി9/1857/2018 / 06.03.2019 | 9 |
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി9/1522/2019 / 12.02.2020 | 11 |
| 2019-20 | കെ.എസ്.എ-കെ.എൽ.എം-പി9/1051/2021 / 30.11.2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ-കെ.എൽ.എം-പി9/1672/2021 / 27.04.2022 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ-കെ.എൽ.എം-പി9/ | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 30-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pattazhi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pattazhi Grama Panchayat for the year 2022-2023

Date: 16/11/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Pattazhi Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. The following mandatory financial statements prescribed
in accounting rules are not submitted for audit
Ratios, secretaries notes on accounts.
2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. Actual expenditure of CFC-Basic grant-Treasury does not match with the figures of websankhya ACR.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്